പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: T 4654

29-06-2012 – ൽ മറുപടിയ്ക്ക്

## നബാർഡ് ഫണ്ട് ഉപയോഗിച്ച് നൽകുന്നകാർഷിക വായ്പകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി.ഡി. സതീശൻ<br>ശ്രീ.കെ. അച്ചുതൻ<br>ശ്രീ. വി.റ്റി. ബൽറാം<br>ശ്രീ.പാലോട് രവി | ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയുംമൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി) |
| (എ) നബാർഡ് ഫണ്ട് ഉപയോഗിച്ച് നൽകുന്ന കാർഷിക വായ്പകൾ പൂർണ്ണമായും പലിശരഹിത മാക്കാൻ എന്തെല്ലാം നടപടി കളാണ് എടുത്തിട്ടുള്ളത്; വിശദ മാക്കാമോ; | (എ) നബാർഡിന്റെ ഫണ്ട് ഉപയോഗിച്ച് സംസ്ഥാനത്തെ സഹകരണ ബാങ്കുകൾ വഴി കാർഷിക ആവശ്യങ്ങൾക്കായി വിതരണം ചെയ്യുന്ന ഹ്രസ്വകാല വായ്പകൾ കുടിശ്ശിക വരുത്താതെ യഥാസമയം തിരിച്ചടയ്ക്കുന്നവർക്ക് കേന്ദ്ര സർക്കാർ നൽകുന്ന പലിശ സബ്സിഡിയോടൊപ്പം സംസ്ഥാന സർക്കാരിന്റെ സബ്സിഡി വിഹിതം കൂടി നൽകി പൂർണ്ണമായും പലിശരഹിത വായ്പയായി നൽകുന്നതിനുള്ള നടപടികളാണ് എടുത്തിട്ടുള്ളത്. |
| (ബി) പലിശയിനം സർക്കാരിന്റെ വിഹിതമായി കണക്കാക്കുന്ന കാര്യം പരിഗണിക്കുമോ; | (ബി) കേന്ദ്ര സർക്കാർ നൽകുന്ന പലിശ സബ്സിഡിയോടൊപ്പം സംസ്ഥാന സർക്കാരിന്റെ വിഹിതം കൂടി നൽകി പൂർണ്ണമായും പലിശ രഹിത വായ്പയായി നൽകുന്നതിനും, ടി പദ്ധതി നടപ്പിലാക്കുന്നതിനായി സംസ്ഥാന സർക്കാർ 32 കോടി രൂപ വഹിക്കുന്നതിനും, അതിൽ പലിശ രഹിത വായ്പ നൽകുന്നതിന് ഒരു കോടി രൂപ കഴിച്ച് ബാക്കി 31 കോടി രൂപ തൻവർഷം അനുവദിക്കുന്നതിനും ഭരണാനുമതി നൽകിയി ട്ടുണ്ട്. |
| (സി) ഇതുമൂലം എന്തെല്ലാം ആനുകൂ ല്യങ്ങളാണ് കർഷകർക്ക് സബ്സിഡിയായി ലഭിക്കുന്നത്; | (സി) ഇതുമൂലം ഹ്രസ്വകാല കാർഷിക വായ്പ എടുക്കുന്ന കർഷകർ കുടിശ്ശിക വരുത്താതെ യഥാസമയം തിരിച്ചടച്ചാൽ പൂർണ്ണമായും പലിശ രഹിത വായ്പ ലഭിക്കുന്നതിന് സാധിക്കും. |
| (ഡി) ഇതിന് എന്ന് മുതൽ പ്രാബല്യ മുണ്ടെന്ന് വ്യക്തമാക്കുമോ? | (ഡി) ഈ പദ്ധതിക്ക് 2011-12 വർഷം മുതൽ പ്രാബല്യമുണ്ടായിരുന്നതാണ്. |

സെക്ഷൻ ഓഫീസർ